# കേരളസർവകലാശാല

നം.പി.ആർ.129/2023 തിരുവനന്തപുരം, തീയതി: 27/06/2023

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റിവച്ചു

കേരളസർവകലാശാല 2023 ജൂൺ 29 ന് നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂൺ 29 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. ഇന്റേൺഷിപ്പ് & കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷ 2023 ജൂലൈ 4 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

കേരളസർവകലാശാല 2023 ജൂൺ 29 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.പി.ഇ.എസ്., ബി.പി.എഡ്. (4 വർഷ ഇന്നൊവേറ്റീവ് കോഴ്സ്) എന്നീ പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലൈ 5 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാ സമയത്തിന് മാറ്റമില്ല.

### കേരളസർവകലാശാല: വിദൂരവിദ്യാഭ്യാസ വിഭാഗം 2023-24 വിവിധ യു.ജി., പി.ജി. കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2023-24 അദ്ധ്യയന വർഷത്തിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദതലത്തിൽ പൊളിറ്റിക്കൽ സയൻസ്, മാത്തമാറ്റിക്സ്, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിലേക്കും ബിരുദാനന്തര ബിരുദ തലത്തിൽ പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് എന്നിവയിലേക്കുമാണ് അപേക്ഷ ക്ഷണിക്കുന്നത്. 2023 ആഗസ്റ്റ് 31 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ. മ്യൂസിക് (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 ജൂലൈ 3, 4 തീയതികളിലും 2023 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ. മ്യൂസിക് (വീണ) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 ജൂലൈ 5, 6, 7 തീയതികളിലും തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി. ടെക്. (2013 സ്കീം), നവംബർ 2022 സപ്ലിമെന്ററി പരീക്ഷയുടെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്

ബ്രാഞ്ചിന്റെ Electrical Circuits Lab ജൂലൈ 3 നും Hydraulic Machines and Heat Engine Lab ജൂലൈ 4 നും നെടുമങ്ങാട് മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം), ജനുവരി 2023 സപ്ലിമെന്ററി പരീക്ഷയുടെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ Electronics Devices Lab ജൂലൈ 3 നും Digital Integrated Circuits Lab ജൂലൈ 4 നും കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം), നവംബർ 2022 & (2008 സ്കീം), ജനുവരി 2023, പരീക്ഷകളുടെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഇലക്ട്രോണിക് സർക്യൂട്ട് ലാബ് ജൂലൈ 3 നും പ്രോഗ്രാമിംഗ് ലാബ് ജൂലൈ 4 നും പൂജപ്പുര എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ജൂലൈ 18 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ബി.എ. ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2016 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ കാര്യവട്ടത്തുള്ള വിദൂരവിദ്യാഭ്യാസപഠനകേന്ദ്രത്തിൽ വച്ച് 2023 ജൂലൈ 5 മുതൽ 7 വരെ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2019 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ മിനി പ്രോജക്ട് വൈവാവോസിയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ജൂലൈ 21 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി. മേഴ്സിചാൻസ് (2012 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 24 വരെയും 150 രൂപ പിഴയോടെ ജൂൺ 29 വരെയും 400 രൂപ പിഴയോടെ ജൂലൈ 1 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (2018 സ്കീം) (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 അഡ്മിഷൻ), യു.സി.ഇ.കെ., ജൂലൈ 2023 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ 2023 ജൂൺ 27 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**